**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2467** | **27-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഏറ്റെടുക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരഭക വർഷാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളോട് ചേർന്ന് ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള കർമ്മപദ്ധതിയുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ; | (എ) | വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ആവശ്യമായി വരാവുന്ന ഭൂമിയും കഴിച്ച് ബാക്കിയുള്ള കൈവശ ഭൂമിയുടെ ലഭ്യത വിലയിരുത്തിയിട്ടുണ്ട്.<br><br>ടി സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 40.41 ഏക്കർ ഭൂമി ഒന്നാം ഘട്ടത്തിൽ ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ സാധിക്കുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>ഇതിനെ തുടർന്ന് 2022-23 ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിരുന്ന “ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ നിർമ്മിക്കുന്നതിന് കിഫ്ബിയ്ക്ക് കീഴിൽ 200 കോടി രൂപ കോർപ്പസ് ഫണ്ട് ആയി വകയിരുത്തുകയും പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലത്ത് സ്ഥിതി ചെയ്യുന്ന യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നടപ്പാക്കുമെന്നും ” സൂചിപ്പിച്ചിരുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെന്റ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ബോർഡ് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(ബി) ഇത് പ്രകാരം എത്ര വിസ്തൃതിയിലുള്ള ഭൂമിയാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളതെന്ന വിവരം ജില്ല തിരിച്ച് അറിയിക്കാമോ?

(ബി) കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത പരിശോധിച്ച് വിലയിരുത്തിയ 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| **SL. NO** | **PSU & District** | **Land (in cents)** |
|---|---|---|
| 1 | United Electrical Industries Ltd,<br>Kollam District | 96.23 |
| 2 | Kerala State Textile Corporation Ltd – Kottayam Textiles, Kottayam District | 1000 |
| 3 | Travancore Cements Ltd, Kottayam District | 400 |
| 4 | Kerala State Drugs and Pharmaceuticals Ltd, Alappuzha District | 100 |
| 5 | Kerala State Textile Corporation Ltd – Kompalapuram Spinning & Weaving Mills Ltd, Alappuzha District | 412 |
| 6 | Metal Industries Ltd, Palakkad | 800 |
| 7 | Kerala State Textile Corporation Ltd – Edarikkode Textiles, Malappuram District | 506 |
| 8 | Malabar Cements Ltd,<br>(land available in Malappuram District) | 627 |
| 9 | Malappuram Co-operative Spinning Mills, Malappuram District | 100 |
| **Total** | | **4041.23**<br>**(40.41 ഏക്കർ)** |

സെക്ഷൻ ഓഫീസർ